ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 04.11.2025** **TIME : 06.30 PM**

## പ്രധാന

1. ശ്രീചിത്രയിലെ നൂതനാശയ സംരംഭങ്ങൾക്ക് മെഡിക്കൽ മേഖലയിൽ വലിയ സ്വീകാര്യത ലഭിക്കുന്നുണ്ടെന്നും ഉപരാഷ്ട്രപതി
2. കിഫ്ബിയുടെ രജത ജൂബിലി ആഘോഷം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
3. സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിനായുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ നാളെ കൂടി അവസരം.
4. തീവ്രവോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ നാളെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നാളെ സർവ്വകക്ഷിയോഗം ചേരും.
5. അർഹരായ എല്ലാവർക്കും മുൻഗണനാ റേഷൻ കാർഡുകൾ ലഭ്യമാക്കണമെന്നതാണ് സർക്കാർ നയമെന്ന് മന്ത്രി ജി ആർ അനിൽ.

**6. സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ ഓട്ടോ/ടാക്സി പ്ലാറ്റ്ഫോമായ കേരള സവാരി 2.0 പൂർണതോതിൽ പ്രവർത്തനം ആരംഭിച്ചതായി മന്ത്രി വി ശിവൻ കുട്ടി.**

❁❁❁❁❁❁❁❁❁❁❁❁❁

## ഉപരാഷ്ട്രപതി

രണ്ട് ലക്ഷത്തോളം രോഗികൾക്ക് ഹൃദയ വാൽവ് ശസ്ത്രക്രിയ നടത്തിയ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻ്റ് ടെക്നോളജി രാജ്യത്തെ സർക്കാർ മേഖലയിലെ എല്ലാ സ്ഥാപനങ്ങൾക്കും പ്രചോദനമാണെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. ശ്രീചിത്രയും സ്റ്റാർട്ടപ്പ് കമ്പനികളും വികസിപ്പിച്ചെടുത്ത മെഡിക്കൽ ഉപകരണങ്ങളുടെ പ്രദർശനം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ശ്രീചിത്രയിലെ നൂതനാശയ സംരംഭങ്ങൾക്ക് മെഡിക്കൽ മേഖലയിൽ വലിയ സ്വീകാര്യത ലഭിക്കുന്നുണ്ടെന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി. ഗവർണർ രാജേന്ദ്ര

വിശ്വനാഥ്, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, സംസ്ഥാന ധനകാര്യ മന്ത്രി കെ. എൻ. ബാലഗോപാൽ, തുടങ്ങി നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

**കിഫ്ബി രജതജൂബിലി**

കിഫ്ബിയുടെ രജത ജൂബിലി ആഘോഷം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും. കിഫ്ബി സ്മരണികയും മലയാളം മാസികയും ബോട്ട് സോഫ്റ്റ് വെയറും മുഖ്യമന്ത്രി പ്രകാശനം ചെയ്യും. മികച്ച പ്രവർത്തനം കാഴ്ചവച്ച പദ്ധതി നിർവഹണ ഏജൻസികൾ, കരാറുകാർ, മത്സര വിജയികൾ തുടങ്ങിയവർക്കുള്ള പുരസ്കാര വിതരണവും ചടങ്ങിൽ മുഖ്യമന്ത്രി നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**വോട്ടർ പട്ടിക**

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിനായുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ നാളെ

കൂടി അവസരം. കഴിഞ്ഞ മാസം 25 ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത, അർഹരായവർക്കാണ് പട്ടികയിൽ പേര് ചേർക്കാൻ ഇന്നും നാളെയും കൂടി അവസരം നൽകിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## വോട്ടർപട്ടിക പരിഷ്കരണം

രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്കരണം ആരംഭിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. കേരളമുൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളുമാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം ബൂത്ത് ലെവൽ ഓഫീസർമാർ വീടുകൾ സന്ദർശിച്ച് എന്യൂമറേഷൻ ഫോം വിതരണം ചെയ്യുന്ന നടപടി ആരംഭിച്ചു. ജില്ലാകളക്ടർമാരുടെ നേതൃത്വത്തിലാണ് ആദ്യ ദിനം ഫോമുകൾ വിതരണം ചെയ്തത്. അടുത്ത മാസം 4 ന് മുൻപ് പൂരിപ്പിച്ച ഫോമുകൾ തിരികെ നൽകണം. ഡിസംബർ 9 ന് കരട് വോട്ടർ പട്ടിക

പ്രസിദ്ധീകരിക്കും. കരട് പട്ടിക സംബന്ധിച്ച പരാതികൾ 2026 ജനുവരി 8 ന് മുൻപ് സമർപ്പിക്കണം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും. അതേസമയം, തീവ്രവോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങഅങ്ങൾ ചർച്ച ചെയ്യാൻ നാളെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി സർവ്വകക്ഷിയോഗം ചേരും.

❁❁❁❁❁❁❁❁❁❁❁❁❁

**ജി ആർ അനിൽ (ഇൻട്രോ)**

അർഹരായ എല്ലാവർക്കും മുൻഗണനാ റേഷൻ കാർഡുകൾ ലഭ്യമാക്കണമെന്നതാണ് സർക്കാർ നയമെന്ന് മന്ത്രി ജി ആർ അനിൽ. 28,300 കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. വോയ്സ്(ജി .ആർ. അനിൽ)

മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്ന അനർഹരായവർക്കെതിരെ ശക്തമായ നടപടികൾ തുടരുമെന്നും മന്ത്രി പറഞ്ഞു .

❁❁❁❁❁❁❁❁❁❁❁❁❁

**കാട്ടാക്കട- സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി 75.31 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ . പാചക തൊഴിലാളികളുടെ ഓണറേറിയം ഉൾപ്പെടെയുള്ളവയ്ക്കാണ് തുക അനുവദിച്ചത്. കാട്ടാക്കട ജംഗ്ഷൻ വികസനവും റിങ് റോഡ് വികസനവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കുന്നതിന് 19.65 കോടി രൂപയും അനുവദിച്ചതായി ധനമന്ത്രി അറിയിച്ചു

❁❁❁❁❁❁❁❁❁❁❁❁❁

**കേരള സവാരി ടു പോയിന്റ് ഠ (ഇൻട്രോ)**

സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ ഓട്ടോ/ടാക്സി പ്ലാറ്റ്ഫോമായ കേരള സവാരി 2.0 പൂർണതോതിൽ പ്രവർത്തനം ആരംഭിച്ചതായി മന്ത്രി വി ശിവൻ കുട്ടി. ഡിസംബറോടെ കേരള സവാരി ഒരു മൾട്ടി മോഡൽ ഗതാഗത സംവിധാന ആപ്പ് ആയി മാറും. മെട്രോ, വാട്ടർ മെട്രോ, മെട്രോ ഫീഡർ ബസുകൾ, ഓട്ടോകൾ, കാബുകൾ എന്നിവയെ ഏകോപിപ്പിക്കുന്ന ഈ സംവിധാനം രാജ്യത്തിന് തന്നെ മാതൃകയാകുമെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളത്തിൽ പറഞ്ഞു.

(വോയ്സ്-മന്ത്രി വി ശിവൻകുട്ടി) തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലെ പൂർണ്ണമായ പ്രവർത്തനത്തിന് ശേഷം വൈകാതെ മറ്റ് ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**മിൽമ-കയറ്റുമതി**

ഓസ്ട്രേലിയയിലേക്കും ന്യൂസിലൻഡിലേക്കും മിൽമ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാനുള്ള ധാരണാപത്രത്തിൽ നാളെ ഒപ്പുവയ്ക്കും .തിരുവനന്തപുരത്തെ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ഹെഡ് ഓഫീസിൽ മിൽമ ചെയർമാൻ കെ എസ് മണിയുടെ സാന്നിധ്യത്തിലാണ് ആർജി ഫുഡ്സുമായും മിഡ് നൈറ്റ് സൺ ഗ്ലോബലുമായും , മിൽമ , ത്രികക്ഷി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്നത് .

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല**

ശബരിമലയിലെ പൂജകൾ ഭക്തർക്ക് ഓൺലൈനിലൂടെ നാളെ മുതൽ ബുക്ക് ചെയ്യാം. സന്നിധാനത്ത് താമസിക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള ഓൺലൈൻ അക്കോമഡേഷൻ ബുക്കിംഗും നാളെ ആരംഭിക്കും. www.onlinetdb.com എന്ന വെബ്സൈറ്റ് വഴിയാണ് ബുക്കിംഗ് ലഭ്യമാവുക.

## വർക്കല-ട്രെയിൻ

വർക്കലയിൽ യുവതിയെ ട്രെയിനിൽ നിന്ന് തള്ളിയിട്ടത്, പിടിയിലായ സുരേഷ് തന്നെയെന്ന് സ്ഥിരീകരണം. അന്വേഷണ സംഘത്തിന് ട്രെയിനിലെ സിസിടിവി ദൃശ്യങ്ങൾ ലഭിച്ചു. ആർപിഎഫ് ആണ് അന്വേഷണസംഘത്തിന് സിസിടിവി ദൃശ്യങ്ങൾ കൈമാറിയത്. സുരേഷ് കുമാറിന്റെ പേരിൽ വധശ്രമത്തിന് പൊലീസ് കേസെടുത്തിട്ടുണ്ട്. അതേ സമയം ട്രെയിനിൽ നിന്ന് വീണ യുവതി തിരുവനന്തപുരം മെഡിക്കൽകോളേജിലെ തീവ്രപരിചരണവിഭാഗത്തിൽ അതിഗുരുതരാവസ്ഥയിൽ തുടരുകയാണ്.

## സ്വർണം (INTRO)

കേരളത്തിൽ , സ്വർണവില പവന് 90,000 രൂപയ്ക്ക് താഴെയെത്തി. ഈ മാസം 17-ന് ഒരു പവൻ സ്വർണ്ണത്തിന്റെ വില സർവകാല

റെക്കോർഡായ 97,360 രൂപയിലെത്തിയിരുന്നു .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു .ബോംബെ ഓഹരി സൂചിക സെൻസെക്സ് 519 പോയിന്റ് താഴ്ന്നു 83,459 ലും,ദേശീയ ഓഹരി സൂചിക നിഫ്റ്റി 165 പോയിന്റ് നഷ്ടത്തിൽ 25,597 ലും വ്യാപാരം അവസാനിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രി എം ബി രാജേഷ്**

കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനം മാതൃകാപരമാണെന്ന് മന്ത്രി എം ബി രാജേഷ് . ആലപ്പുഴ

നഗരസഭയുടെ സമ്പൂർണ്ണ പ്രവർത്തന സജ്ജമായ ശതാബ്ദി മന്ദിരത്തിൻ്റെ ഉദ്ഘാടന സന്ദേശത്തിലാണ് മന്ത്രി ഈ കാര്യം പറഞ്ഞത്. ആലപ്പുഴ നഗരത്തിന്റെ വികസനത്തിന് ജനസൗഹൃദമായി പ്രവർത്തിക്കാൻ പുതിയ നഗരസഭാ ആസ്ഥാനം പ്രചോദനമാകുമെന്നും മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**കാത്ത് ലാബ്-വീണാ ജോർജ്**

ആലപ്പുഴ, എറണാകുളം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ പുതിയ കാത്ത് ലാബുകൾ സ്ഥാപിക്കുന്നതിന് 44.30 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി മന്ത്രി വീണാ ജോർജ്. ഇടുക്കിയിൽ കൂടി കാത്ത് ലാബ് സ്ഥാപിക്കുന്നതോടെ എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള സംസ്ഥാനമായി കേരളം മാറും.

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രി .സജി ചെറിയാൻ**

കോഴിക്കോട് സാഹിത്യ നഗര ദിനാഘോഷം ഉദ്ഘാടനവും സാഹിത്യ മേഖലകളിലെ തെരഞ്ഞെടുത്ത പ്രതിഭകൾക്കുള്ള അവാർഡുകളുടെ സമർപ്പണവും മന്ത്രി .സജി ചെറിയാൻ നിർവഹിച്ചു . സമഗ്ര സംഭാവനക്ക് സാറാ ജോസഫും ബാലസാഹിത്യ കൃതിക്ക് സന്തോഷ് എച്ചിക്കാനവും അർഹരായി. നിരവധി എഴുത്തകാരെ ചടങ്ങിൽ ആദരിച്ചു.

**ജോർജ് കുര്യൻ**

കേരളത്തിൽ ഫിഷറീസ് രംഗത്ത് വലിയ വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. കോഴിക്കോട് കോർപ്പറേഷൻ ന്യൂ സെൻട്രൽ മാർക്കറ്റിൻ്റെ ശിലാസ്ഥാപനം ഓൺലൈനായി നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ഹാർബ റുകളുടേയും ഫിഷ് ലാൻ്റിംഗ് സെൻ്ററുകളുടേയും മാർക്കറ്റുകളുടേയും വികസനത്തിൽ കേരളം മുന്നിലെന്നും അദ്ദേഹം പറഞ്ഞു.

## റിപ്പയറബിലിറ്റി ഇൻഡക്സ് - ലോഗോ

റിപ്പയറബിലിറ്റി ഇൻഡക്സ് ലൂടെ ഉപഭോക്താക്കളെ ശാക്തീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ ലോഗോ ഡിസൈൻ മത്സരം പ്രഖ്യാപിച്ചു. ഒരു ഉൽപ്പന്നം എത്ര എളുപ്പത്തിൽ നന്നാക്കാൻ കഴിയുമെന്നത് ഉൾപ്പെടെ ഉൽപ്പന്നത്തെ സംബന്ധിച്ച സുതാര്യമായ വിവരങ്ങൾ നൽകുന്ന സൂചികയാണ് റിപ്പയറബിലിറ്റി ഇൻഡക്സ് . 16 വയസിനു മുകളിലുള്ളവർക്ക് മത്സരിക്കാം. ഈ മാസം 30-ന് മുമ്പ് MyGov പോർട്ടലിൽ എൻട്രികൾ അപ്‌ലോഡ് ചെയ്യണം. വിജയിക്ക് 25,000 രൂപ സമ്മാനം ലഭിക്കും.